# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
2014 ജനുവരി 30, വ്യാഴം
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 287)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| മുഖ്യമന്ത്രി | 3487 മുതൽ 3564 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | 3565 മുതൽ 3611 വരെ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | 3612 മുതൽ 3700 വരെ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | 3701 മുതൽ 3773 വരെ |

<u>പൊതുസേവനത്തിനുള്ള നൂതനാശയങ്ങൾക്ക് പുരസ്ക്കാരം</u>

3487 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. റ്റി. ജോർജ്
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുസേവനത്തിനുള്ള നൂതനാശയങ്ങൾക്ക് പുരസ്ക്കാരം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഏതെല്ലാം സംരംഭങ്ങൾക്കാണ് പുരസ്കാരങ്ങൾ വിതരണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പുരസ്കാരങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

സ്വാതന്ത്ര്യസമര സേനാനി പെൻഷൻ

3488

ശ്രീ. വർക്കല കഹാർ
,, ഷാഫി പറമ്പിൽ
,, പാലോട് രവി
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യസമര സേനാനി പെൻഷൻ കൂടുതൽ ആശ്രിതർക്ക് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ആശ്രിതർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ഡി) ശാരീരിക മാനസിക വൈകല്യമുള്ളവർ എന്തെല്ലാം സർട്ടിഫിക്കറ്റുകളാണ് ഹാജരാക്കേണ്ടത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>എ.ടി.എം. സെന്ററുകളിലെ സുരക്ഷാ സംവിധാനങ്ങൾ</u>

3489 ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എ.ടി.എം. സെന്ററുകളിൽ എത്തുന്ന ആളുകളുടെ സുരക്ഷയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള സുരക്ഷാ സംവിധാനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) എ.ടി.എം. സെന്ററുകളിലെ സുരക്ഷാ സംവിധാനങ്ങൾ അവലോകനം ചെയ്യുന്നതിന് നിലവിൽ എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഒരു സമയം ഒരാൾക്ക് എന്ന തരത്തിൽ ഇടപാടുകൾ നടത്തപ്പെടുന്ന വിധത്തിൽ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനു ബാങ്കേഴ്സ് മീറ്റിംഗിൽ നടപടി ആവശ്യപ്പെടുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>റസിഡന്റ്സ് അസോസിയേഷനുകളെ
നിയന്ത്രിക്കുന്നതിന് ചട്ടം</u>

3490

ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റസിഡന്റ്സ് അസോസിയേഷനുകളെ നിയന്ത്രിക്കുന്നതിന് ഒരു ചട്ടം രൂപീകരിക്കുമോ;

(ബി) റസിഡന്റ്സ് അസോസിയേഷനുകളെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുമോ;

(സി) റസിഡന്റ്സ് അസോസിയേഷന്റെ പിരിവുകൾക്ക് സർക്കാർ അനുമതി നിർബന്ധമാക്കുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>പരാതി കേൾക്കുന്നത് അവകാശമാക്കാനുള്ള നിയമനിർമ്മാണം</u>

3491 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, പി. എ. മാധവൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരാതി കേൾക്കുന്നത് അവകാശമാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) സർക്കാരിന്റെ നയങ്ങൾ, പദ്ധതികൾ, പരിപാടികൾ എന്നിവയെക്കുറിച്ചുള്ള പരാതികൾ കേൾക്കാൻ എന്തെല്ലാം സംവിധാനമാണ് ഇതിൽ ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത കാര്യത്തിനുള്ള നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ഇ) പരാതികൾ കേൾക്കുവാനും അവയ്ക്കുള്ള പരിഹാരങ്ങൾ കാണുവാനും എന്തെല്ലാം സംവിധാനങ്ങളാണ് നിയമമിർമ്മാണത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

**കേരള നിയമസഭ**
**30.01.2014-ലെ മറുപടിക്ക്**

<u>റൈറ്റ് ടു ഹിയറിംഗ് ആക്ട്</u>

3492 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

റൈറ്റ് ടു ഹിയറിംഗ് ആക്ട് പ്രാബല്യത്തിൽ വരുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

ഗവർണ്ണറുടെ നയപ്രഖ്യാപനത്തിലൂടെ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ

3493 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ലെ ഗവർണ്ണറുടെ നയപ്രഖ്യാപനത്തിലൂടെ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) 2013-14 വർഷത്തിൽ മേൽ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച പദ്ധതികൾ ഏതെല്ലാമെന്നും അവ നടപ്പാക്കാൻ വകയിരുത്തിയ തുകയെത്രയെന്നും പദ്ധതി തിരിച്ച് വ്യക്തമാക്കാമോ; ഇതിൽ പൂർത്തീകരിച്ച പരിപാടികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

(സി) പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ആരംഭിക്കാത്ത പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**30.01.2014-ലെ മറുപടിക്ക്**

പൊതുമേഖലാ ബാങ്കുകളിൽ നിന്നുമുള്ള കാർഷികവായ്പ

T.3494 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ ബാങ്കുകളിൽ നിന്നും കാർഷിക വായ്പ എടുക്കുന്നതിനുള്ള നിയന്ത്രണങ്ങൾക്ക് ഇളവു വരുത്തുന്നതിന് ബാങ്കുകൾക്ക് മേൽ സമ്മർദ്ദം ചെലുത്തുമോ;

(ബി) തിരിച്ചടവിന് കാലതാമസം നേരിട്ട കാർഷിക വായ്പകൾ അടയ്ക്കുമ്പോൾ സബ്സിഡി ലഭിക്കുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ;

(സി) കാർഷിക വായ്പകളുടെ ഏറ്റവും കുറഞ്ഞ സബ്സിഡി എത്രയായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>എൻഡോസൾഫാൻ കമ്പനി പ്രധാനമന്ത്രിക്ക് നൽകിയ പരാതി</u>

3495 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ കീടനാശിനിക്കെതിരെ സമരം നടത്തിയവർക്കെതിരെ എൻഡോസൾഫാൻ കമ്പനി പ്രധാനമന്ത്രിക്ക് നൽകിയ പരാതിയുടെ തുടർനടപടിയായി കേന്ദ്ര ആരോഗ്യവകുപ്പ് അണ്ടർ സെക്രട്ടറി കാസർഗോഡ് ജില്ലാ കളക്ടറോടും ജില്ലാ മെഡിക്കൽ ഓഫീസറോടും റിപ്പോർട്ട് ആവശ്യപ്പെട്ട വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ കേന്ദ്ര ആരോഗ്യ വകുപ്പിന് റിപ്പോർട്ട് തയ്യാറാക്കി നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇല്ലെങ്കിൽ മേൽ വിഷയത്തിന്മേൽ എന്ത് മറുപടിയാണ് കേന്ദ്രസർക്കാരിന് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**30.01.2014-ലെ മറുപടിക്ക്**

<u>മലപ്പുറം ജില്ലയിലെ ബി.പി.എൽ കാർഡുകൾ സംബന്ധിച്ച പരാതികൾ</u>

3496 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ചാലിയാർ പഞ്ചായത്തിൽ മുഖ്യമന്ത്രി അനുവദിച്ച ബി.പി.എൽ കാർഡുകൾ സംബന്ധിച്ച പരാതിയിൽ അദാലത്ത് നടത്താൻ ജില്ലാ കലക്ടർ നടപടി സ്വീകരിച്ചിരുന്നുവോ;

(ബി) ചാലിയാർ പഞ്ചായത്തിൽ എത്ര കാർഡുകളാണ് മുഖ്യമന്ത്രിയുടെ അദാലത്തിൽ ബി.പി.എൽ ആക്കാൻ തീരുമാനിച്ചത്;

(സി) ജില്ലാ കലക്ടർ നടത്താനിരുന്ന അദാലത്ത് നിറുത്തിവെച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) മുഖ്യമന്ത്രി അനുവദിച്ച ബി.പി.എൽ കാർഡുകൾ റദ്ദാക്കാൻ ജില്ലാ കലക്ടർക്ക് അധികാരമുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>സോളാർ കേസ്</u>

3497 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സരിതാ നായർ-ബിജു രാധാകൃഷ്ണൻ എന്നിവരുമായി ബന്ധപ്പെട്ട സോളാർ തട്ടിപ്പുകേസിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ ഓഫീസ് ജോലിയിൽ നിന്ന് എത്ര പേരെ ഒഴിവാക്കിയെന്ന് ജീവനക്കാരുടെ പേരു സഹിതം വ്യക്തമാക്കാമോ;

(ബി) ഒഴിവാക്കപ്പെട്ട ജീവനക്കാരുടെ പേരിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ കേസുകൾ നിലവിലുണ്ട്; പ്രത്യേകം പ്രത്യേകം വിശദമാക്കാമോ;

(സി) ജീവനക്കാരുടെ കേസുകൾ നടത്തുന്നതിന്റെ ചെലവുകൾ സർക്കാർ വഹിക്കുന്നുണ്ടോ; പ്രസ്തുത ഇനത്തിൽ ഖജനാവിൽ നിന്ന് ചിലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>കരിമണൽ കള്ളക്കടത്ത് തടയുന്നതിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ഒത്തുതീർപ്പ് വ്യവസ്ഥ</u>

3498 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരിമണൽ കള്ളക്കടത്ത് വ്യാപകമായി നടക്കുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ഒത്തുതീർപ്പു വ്യവസ്ഥകൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

ഗസ്റ്റ് ഹൗസുകളിൽ മുറി ബുക്ക് ചെയ്യുമ്പോൾ ലഭ്യമാക്കുന്ന വിവരം

3499 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വി.ഐ.പി. കൾക്കും, ഉന്നത ഉദ്യോഗസ്ഥർക്കും വേണ്ടി ഗസ്റ്റ് ഹൗസുകളിൽ മുറി ബുക്ക് ചെയ്യുമ്പോൾ, റിസർവ്വ് ചെയ്തതായുള്ള അറിയിപ്പിൽ ഒട്ടാകെയുള്ള ഗസ്റ്റ് ഹൗസുകളിൽ റിസർവ്വ് ചെയ്തിട്ടുള്ളവരുടെയെല്ലാം വിവരം ഉൾപ്പെടുത്തി എല്ലാവർക്കും അയച്ചുകൊടുക്കുന്നതിലെ അപാകത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സുരക്ഷ, സ്വകാര്യത എന്നീ കാരണങ്ങളാൽ ഇന്നത്തെ രീതി മാറ്റി, ഓരോരുത്തർക്കും അവരവരുടെ റിസർവ്വേഷൻ സംബന്ധിച്ച വിവരങ്ങളും, ഓരോ ഗസ്റ്റ് ഹൗസിനും അതാതിന്റെ റിസർവ്വേഷൻ വിവരങ്ങളും മാത്രം നൽകാനുള്ള നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>ജീവനക്കാർക്ക് സർക്കാർ ഗസ്റ്റ് ഹൗസുകളിലെ താമസ സൗകര്യം</u>

3500 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഗസ്റ്റ് ഹൗസുകളിലെ വാടക നിരക്ക് ഈ സർക്കാർ വന്നതിന് ശേഷം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പ്രാവശ്യം വർദ്ധിപ്പിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഗസ്റ്റ് ഹൗസുകളിൽ സൗജന്യതാമസം അനുവദിക്കുന്നത് ആർക്കെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ജീവനക്കാർക്ക് മുറി അനുവദിക്കുന്നതിന് മുൻഗണനയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) സർക്കാർ ജീവനക്കാർക്ക് നിലവിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി അനുവദിക്കുന്ന മുറിയുടെ വാടക നിരക്ക് എപ്രകാരമാണ്;

(ഇ) സർക്കാർ ജീവനക്കാർക്ക് നിലവിൽ കുടുംബസമേതം താമസിക്കുന്നതിന് അനുവദിക്കുന്ന മുറിയുടെ വാടക നിരക്ക് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ;

(എഫ്) അനുവദിക്കുന്ന മുറി അപ്രതീക്ഷിതമായി ക്യാൻസൽ ചെയ്യുന്നതുമൂലം ജീവനക്കാർ അടക്കമുള്ളവർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് ഒഴിവാക്കാൻ ക്യാൻസൽ ചെയ്യുന്ന വിവരം മുൻകൂട്ടി അറിയിക്കാൻ സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കുമോ?

## **കേരള നിയമസഭ**
## **30.01.2014-ലെ മറുപടിക്ക്**

<u>ജനസമ്പർക്ക പരിപാടിയിൽ ആംബുലൻസിലെത്തുന്ന രോഗികൾ</u>

3501 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ആംബുലൻസിൽ രോഗികളെയെത്തിച്ച് പണം തട്ടിപ്പ് നടത്തുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ജനസമ്പർക്ക പരിപാടിയിൽ ആംബുലൻസിലെത്തുന്ന രോഗികളുടെ യഥാർത്ഥ സ്ഥിതി അറിയാൻ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച</u>
<u>ബി. പി. എൽ കാർഡിനുള്ള അപേക്ഷകൾ</u>

3502 ശ്രീ. എ. എ. അസീസ്
'' കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

രണ്ടാം ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷ പ്രകാരം അർഹരായ കുടുംബങ്ങൾക്കെല്ലാം ബി. പി. എൽ കാർഡ് ലഭ്യമാക്കാൻ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ ജനസമ്പർക്ക പരിപാടി മുഖേന ലഭിച്ച അപേക്ഷകൾ</u>

3503 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ജനസമ്പർക്ക പരിപാടിയിൽ എത്ര അപേക്ഷകളാണ് ലഭിച്ചത് എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ ഓൺലൈനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും, നേരിട്ട് എത്രയെണ്ണം ലഭിച്ചുവെന്നും വിശദമാക്കാമോ;

(സി) ഇത്തരത്തിൽ ലഭിച്ച അപേക്ഷകളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി സമർപ്പിച്ചവ എത്രയെന്ന് വിശദമാക്കാമോ;

(ഡി) ഇപ്രകാരം ലഭിച്ച അപേക്ഷകളിൽ ഇനി എത്രയെണ്ണം തീർപ്പാക്കാനുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ ജനസമ്പർക്ക പരിപാടിയിൽ
പൊതുഖജനാവിൽ നിന്നും ചിലവഴിച്ച തുക</u>

3504 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ നടന്ന മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്ക് പൊതുഖജനാവിൽ നിന്നും എന്തു തുകയാണ് ചിലവഴിച്ചത് ; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ ചിലവഴിച്ച തുക ഏതെല്ലാം വകുപ്പുകൾക്കാണ് അനുവദിച്ചത്, ഏതെല്ലാം ആവശ്യങ്ങൾക്കാണ് തുക വിനിയോഗിച്ചത് എന്നത് സംബന്ധിച്ചുമുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

ജനസമ്പർക്ക പരിപാടി മുഖേന പി. അബ്ദുൾ റഷീദ്,
ആലപ്പുഴ സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ

3505 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ആലപ്പുഴ ജില്ലയിൽ താമരക്കുളം, കാഞ്ഞിരവിളയിൽ പി. അബ്ദുൾ റഷീദിന്റെ അപേക്ഷ ജനസമ്പർക്ക പരിപാടിയിൽ ലഭ്യമായിട്ടുണ്ടോ; പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ ജനസമ്പർക്ക പരിപാടി</u>

3506 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ നടന്ന മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ആകെ എത്ര പരാതികൾ പരിഗണിച്ചു;

(ബി) പ്രസ്തുത പരാതികളുടെ എണ്ണവും അവയിൽ പരിഹരിക്കപ്പെട്ടവയുടെ കണക്കും വകുപ്പ് തിരിച്ചു വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പരിപാടിയിലൂടെ ആകെ എത്ര തുക ധനസഹായമായി വിതരണം ചെയ്തു;

(ഡി) ജനസമ്പർക്ക പരിപാടിയ്ക്കായി ജില്ലയിൽ ചിലവഴിച്ച തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>പൊതുഭരണ വകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും തസ്തികമാറ്റം വഴി അസിസ്റ്റന്റായി നിയമനം</u>

3507 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 05.07.1967 ലെ ജി. ഒ (പി) നം. 208 നമ്പർ ഉത്തരവിലെ റൂൾ 5A(a),(b) എന്നിവ 28.02.2011-ലെ ജി.ഒ(പി)നം. 65/2011/ജി.എ.ഡി. നമ്പർ ഉത്തരവിൽ ഒഴിവാക്കിയിട്ടുണ്ടോ; ഇപ്പോൾ പഴയ റൂൾ പ്രകാരമാണോ പൊതുഭരണ വകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും തസ്തിക മാറ്റം വഴി അസിസ്റ്റന്റായി നിയമനം നൽകുന്നത്; വിശദമാക്കുമോ;

(ബി) 28.02.2011 ലെ ജി. ഒ (പി)നം. 65/2011/ജി.എ.ഡി. നമ്പർ ഉത്തരവിന് ശേഷം പൊതുഭരണവകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും തസ്തികമാറ്റം വഴി അസിസ്റ്റന്റായി നിയമനം മാറുന്നതിന് അസിസ്റ്റന്റ് കേഡർ സ്ട്രെങ്ത്തിന്റെ 20 ശതമാനത്തിന്റെ മൂന്നിൽ രണ്ട് ഒഴിവുകളിലേയ്ക്കാണോ തസ്തിക മാറ്റനിയമനം നൽകുന്നത്; ഇതു സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കാമോ;

(സി) 25.03.2006 ന് ശേഷം പൊതുഭരണ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച ടൈപ്പിസ്റ്റുമാർക്ക് 17.03.2007 ലെ ജി.ഒ (പി) നം.199/2007/ജി.എ.ഡി നമ്പർ ഉത്തരവ് പ്രകാരം തസ്തിക മാറ്റം വഴി അസിസ്റ്റന്റായി നിയമനത്തിന് നീക്കിവച്ചിട്ടുള്ള ഒഴിവുകളുട എണ്ണം എത്രയാണ്;

(ഡി) 24.03.2011 മുതൽ 31.12.2013 വരെ പൊതുഭരണ സെക്രട്ടേറിയറ്റിൽ പി.എസ്.സി മുഖേനയല്ലാതെ അസിസ്റ്റന്റ് ജോലിയിൽ പ്രവേശിച്ചവരുടെ പേരും, ജനനതീയതിയും, നിയമനരീതിയും (തസ്തികമാറ്റം, സി.ഇ.എസ്, ഐ.ഡി.റ്റി, ഐ.ഡി.എം.റ്റി, സ്പോർട്സ് തുടങ്ങിയവ) ഉത്തരവ് തീയതിയും പ്രവേശനതീയതിയും സംബന്ധിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ഇ) പൊതുഭരണ സർവ്വീസസ് (എ) വകുപ്പിന്റെ 59116/എസ്.എ1/2013/പൊ.ഭ.വ. നമ്പർ ഫയലിൻമേൽ ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദ

മാക്കാമോ;

(എഫ്) 13.01.2007 മുതൽ 31.12.2013 വരെ പൊതുഭരണ വകുപ്പ് മുഖേനയും ഐ.ഡി.റ്റി മുഖേനയും, ഐ.ഡി.എം.റ്റി മുഖേനയും അസിസ്റ്റന്റായി ജോലിയിൽ പ്രവേശിച്ചവരുടെ പേരും ഉത്തരവ് നമ്പരും വേർതിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

ആശ്രിത നിയമനം സംബന്ധിച്ച കണക്കുകൾ

3508 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്ന ശേഷം 2011 മുതൽ 2013 വരെ സെക്രട്ടേറിയറ്റിലെ പൊതുഭരണം, ധനകാര്യം, നിയമം വകുപ്പുകളിലും മറ്റു സർക്കാർ വകുപ്പുകളിലും ഏതെല്ലാം തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ആശ്രിത നിയമനം നടത്തിയിട്ടുണ്ട്; വിശദമാക്കാമോ; ആശ്രിത നിയമനം ലഭിച്ചവരുടെ ശതമാനം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) സെക്രട്ടേറിയറ്റിൽ ആശ്രിത നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള ശതമാനം എത്ര; സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ ആശ്രിതർക്ക് അനുവദിച്ചിട്ടുള്ള ശതമാനം എത്ര; സെക്രട്ടേറിയറ്റ് ഇതര ജീവനക്കാരുടെ ആശ്രിതർക്ക് അനുവദിച്ചിട്ടുള്ള ശതമാനം എത്ര;

(സി) സൂപ്പർ ന്യൂമററി തസ്തികയിൽ ആശ്രിത നിയമനം ലഭിച്ചവരുടെ സർവ്വീസ് റെഗുലറൈസേഷൻ നടപടി ഏതു വിധത്തിൽ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് തസ്തികയിൽ സൂപ്പർ ന്യൂമററിയായി സെക്രട്ടേറിയറ്റ് ഇതര ജീവനക്കാരുടെ ആശ്രിതർക്ക് ആശ്രിത നിയമനം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സർവ്വീസ് ചട്ടങ്ങൾ അനുസരിച്ചാണോ; വ്യക്തമാക്കാമോ;

(ഇ) അഡ്വക്കേറ്റ് ജനറൽ, എൻക്വയറി കമ്മീഷൻ & സ്പെഷ്യൽ ജഡ്ജ്, വിജിലൻസ് ട്രൈബ്യൂണൽ, ലോക്കൽ ഫണ്ട് ആഡിറ്റ്, പി.എസ്.സി. എന്നീ ഓഫീസുകളിൽ 2011, 2012, 2013 വർഷങ്ങളിൽ സൂപ്പർ ന്യൂമററിയായി എത്ര ആശ്രിത നിയമനങ്ങൾ നടന്നിട്ടുണ്ട്; വർഷവും വകുപ്പും തിരിച്ച് കണക്ക് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ ആശ്രിത നിയമന അപേക്ഷകൾ</u>

3509 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനത്തിനായി എത്ര അപേക്ഷകൾ നിലവിലുണ്ട് എന്ന് വകുപ്പുതിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ നാല് വർഷങ്ങളിൽ കോഴിക്കോട് ജില്ലയിൽ നിന്നും ആശ്രിത നിയമനത്തിനായി ആരുടെയൊക്കെ അപേക്ഷ ലഭിച്ചു എന്നും ഏതൊക്കെ വകുപ്പുകളിലേക്കാണ് നിയമനം ആവശ്യപ്പെട്ടതെന്നും വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ അപേക്ഷകളിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 30.01.2014–ലെ മറുപടിക്ക്

ആശ്രിത നിയമനത്തിനുള്ള വ്യവസ്ഥകൾ

3510 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ ആശ്രിത നിയമനത്തിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണം, ധനകാര്യം, നിയമം എന്നീ വകുപ്പുകളിലും മറ്റു സർക്കാർ വകുപ്പുകളിലും ആശ്രിത നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ വകുപ്പ് തിരിച്ച് എണ്ണം വിശദമാക്കാമോ;

(സി) സർക്കാർ സർവ്വീസിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കേണ്ട സാഹചര്യമുണ്ടോ; ഉണ്ടെങ്കിൽ സാഹചര്യം വ്യക്തമാക്കുമോ; കെ. എസ്. ആർ, കെ. എസ്. എസ്. ആർ എന്നിവയിലെ നിർദ്ദിഷ്ട ചട്ടം സഹിതം വിശദമാക്കാമോ;

(ഡി) സർക്കാർ സർവ്വീസിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ആശ്രിത നിയമനം നടത്തുന്നതിന് വ്യവസ്ഥ ഉണ്ടോ; അപ്രകാരം വ്യവസ്ഥ ഉണ്ടെങ്കിൽ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഇ) ആശ്രിത നിയമനം നടത്തുന്നതിനായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചത് ഏതെല്ലാം വകുപ്പുകളിൽ എത്രയെണ്ണം വീതമെന്ന് വകുപ്പും തസ്തികകളും ഇനം തിരിച്ച് കണക്ക് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റിലെ ആശ്രിത നിയമനം</u>

3511 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ആശ്രിത നിയമനം സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ആശ്രിതർക്ക് മാത്രമായി പരിമിതപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നുണ്ടോ;

(ബി) ആശ്രിത നിയമനങ്ങൾക്കായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയോ ഹൈക്കോടതിയുടെയോ ഉത്തരവുകളോ മാർഗ്ഗ നിർദ്ദേശങ്ങളോ നിലവിലുണ്ടോ; എങ്കിൽ അവ വിശദമാക്കാമോ;

(സി) സെക്രട്ടേറിയറ്റ് ഇതര ജീവനക്കാരുടെ ആശ്രിതർ അവരുടെ മാതൃ വകുപ്പുകൾ ഒഴിവാക്കി സെക്രട്ടേറിയറ്റ് അസിസ്റ്റന്റായി മാത്രം നിയമനം ആവശ്യപ്പെടുന്നതിനാൽ ഇവരുടെ ആശ്രിത നിയമനത്തിൽ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന നടപടിക്രമം</u>

3512 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ സർവ്വീസസ്-ഡി വകുപ്പ് 17.12.2013-ൽ പുറപ്പെടുവിച്ച 10139/2013/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം സെക്രട്ടേറിയറ്റിലെ താൽക്കാലിക ജീവനക്കാരിൽ ആരെയെങ്കിലും സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര പേരെ; ഏതെല്ലാം തസ്തികകളിൽ; ബന്ധപ്പെട്ട എല്ലാ ഉത്തരവുകളുടെയും പകർപ്പുകളും ലഭ്യമാക്കുമോ?

(ബി) ഇവരിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കപ്പെട്ടവരെത്ര; നേരിട്ട് നിയമിക്കപ്പെട്ടവരെത്ര; ഇവർ ഓരോരുത്തരും ഏതെല്ലാം തീയതികളിൽ താല്ക്കാലികമായോ ദിവസകൂലി അടിസ്ഥാനത്തിലോ നിയമിക്കപ്പെട്ടവരാണ്; വ്യക്തമാക്കാമോ;

(സി) ഇവരിൽ ആരെയെങ്കിലും മുൻകാല പ്രാബല്യത്തോടുകൂടി സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആരെയെല്ലാം ഏതെല്ലാം തീയതികളിൽ; വ്യക്തമാക്കാമോ;

(ഡി) സ്ഥിരപ്പെടുത്തുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്താണ്; എത്ര ദിവസത്തെ സർവ്വീസുണ്ടായിരുന്നവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്; സ്ഥിരപ്പെടുത്തുന്നതിനായി പുതിയ തസ്തികകൾ അനുവദിക്കേണ്ടി വന്നിട്ടുണ്ടായിരുന്നോ; വ്യക്തമാക്കാമോ;

(ഇ) ഇക്കാര്യത്തിൽ പൊതുമാനദണ്ഡം സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് സർക്കാരിന്റെ എല്ലാ വകുപ്പുകൾക്കും അർദ്ധസർക്കാർ സ്ഥാപനങ്ങൾക്കും ബാധകമായിട്ടുള്ള നിലയിലുള്ളതാണോ;

(എഫ്) ആയതിനായി പൊതുവായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

(ജി) വർഷങ്ങളോളമുള്ള കാത്തിരിപ്പിനു ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖാന്തിരം വകുപ്പുകളിൽ നിയമനം ലഭിച്ച് സർവ്വീസിൽ തുടരുന്നവരെയും ഇപ്രകാരം സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്; വിശദമാക്കാമോ;

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ചവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ</u>

3513 ശ്രീ. കെ. മുരളീധരൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാരിൽ കഴിവും സാമർത്ഥ്യവും ഉള്ളവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള പ്രത്യേക സംവിധാനത്തിന് രൂപം നൽകാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഏതെല്ലാം മേഖലകളിൽ നിന്നും വിരമിച്ചവരെയാണ് ഇതിനായി തെരഞ്ഞെടുക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത സംവിധാനത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് നിയമനം</u>

3514 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സർവ്വീസിൽ നിന്നും വിരമിച്ച എത്ര ജീവനക്കാർക്ക് വിവിധ മേഖലകളിൽ പുതുതായി നിയമനം നൽകിയിട്ടുണ്ട്; ഇവരുടെ പുതിയ നിയമനത്തിന്റെ തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**30.01.2014-ലെ മറുപടിക്ക്**

<u>കായികതാരങ്ങളുടെ തൊഴിൽസാധ്യത</u>

3515 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ - സംസ്ഥാനതലങ്ങളിൽ കായിക മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ള കായികതാരങ്ങളിൽ പലരും ജോലിയില്ലാതെ കഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇവർക്കുള്ള തൊഴിൽസാധ്യത വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര കായിക താരങ്ങൾക്ക് ജോലി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 30.01.2014–ലെ മറുപടിക്ക്

<u>വയനാട് ജില്ലയിൽ സർക്കാർ ആനുകൂല്യങ്ങൾ ബാങ്ക് വഴി നൽകുന്ന പദ്ധതി</u>

3516 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആനുകൂല്യങ്ങൾ ബാങ്ക് വഴി നൽകുന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) വയനാട് ജില്ലയിൽ പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(സി) ജില്ലയിലെ എത്ര ഗുണഭോക്താക്കൾ ഈ പദ്ധതിയുടെ ഭാഗമായിട്ടുണ്ട് എന്നതിന്റെ താലൂക്ക് അടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഏതെല്ലാം സേവനങ്ങൾ ഇപ്പോൾ ബാങ്ക് വഴി നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ യാത്രാപ്പടി</u>

3517 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും യാത്രാപ്പടിയിനത്തിൽ എന്തു തുക കൈപ്പറ്റിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

(ബി) ഓരോരുത്തരുടേയും യാത്രാപ്പടി വിവരം വെവ്വേറെ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

മന്ത്രിമാരുടെ ഔദ്യോഗിക വസതികൾ മോടിപിടിപ്പിക്കുന്നതിന് ചിലവഴിച്ചിട്ടുള്ള തുക

3518 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെയും, മറ്റു മന്ത്രിമാരുടെയും ഔദ്യോഗിക വസതികൾ മോടിപിടിപ്പിക്കുന്നതിനും, ഓഫീസിന്റെ മെയിന്റനൻസിനുമായി ഇതുവരെ എത്ര തുക ചിലവഴിച്ചിട്ടുണ്ടെന്ന് പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ;

(ബി) മുഖ്യമന്ത്രിയുടെയും, മറ്റു മന്ത്രിമാരുടെയും ഔദ്യോഗിക വസതിയിലെയും, ഓഫീസിലെയും ഇതുവരെയുള്ള ടെലിഫോൺ ചാർജുകൾ എത്ര വീതമെന്ന് പ്രത്യേകം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ ചായ സൽക്കാര ചിലവുകൾ</u>

3519 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും ചായസൽക്കാരത്തിനായി എത്ര തുക ചിലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോരുത്തരുടേയും കണക്കുകൾ തരം തിരിച്ച് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ നിന്നും
ഒഴിവാക്കിയവരുടെ കണക്കുകൾ

3520 ശ്രീ.മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിൽ നിന്നും 2012 ജനുവരി മുതൽ 2013 ഡിസംബർ 31 വരെ എത്രപേരെ ഒഴിവാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ:

(ബി) ഇപ്രകാരം ഒഴിവാക്കിയതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) നിലവിൽ ഓരോ മന്ത്രിമാർക്കും എത്ര പേഴ്സണൽ സ്റ്റാഫുകൾ ഉണ്ടെന്ന് അവരുടെ തസ്തികകൾ സഹിതം വെവ്വേറെ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

മന്ത്രിസഭാംഗങ്ങൾക്കെതിരെ ഉണ്ടായ ആരോപണങ്ങൾ

3521 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മന്ത്രിസഭാംഗങ്ങൾക്കെതിരെ ഉണ്ടായ ആരോപണങ്ങളിൽ ഏതൊക്കെ ആരോപണങ്ങൾക്കാണ് അന്വേഷണം പ്രഖ്യാപിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആരോപണങ്ങളിൽ ഓരോന്നിന്റെയും അന്വേഷണം ഏതൊക്കെ ഘട്ടങ്ങളിലാണെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ ആരോപണങ്ങളും ഏതൊക്കെ മന്ത്രിസഭാംഗങ്ങൾക്കെതിരെ ആയിരുന്നു എന്ന് പ്രത്യേകം വിശദമാക്കാമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>മലയാള ഭാഷാ നിയമനിർമ്മാണം</u>

3522 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാളഭാഷാ നിയമ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ;

(ബി) കരട് നിയമത്തിന് മന്ത്രിസഭ അംഗീകാരം നൽകിയോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) നിയമസഭയുടെ നടപ്പു സമ്മേളനത്തിൽ പ്രസ്തുത നിയമനിർമ്മാണം നടത്തുന്നതിനാവശ്യമായ നടപടി സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകുമോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത നിയമത്തിൽ മലയാള ഭാഷാ പഠനവും കോടതികളിലെ വ്യവഹാരഭാഷയും മലയാളത്തിലാക്കുവാനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

മലയാളം - നിർബന്ധിത ഭാഷ

T.3523 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര മലയാളഭാഷാനിയമം പാസാക്കുന്നതിനുള്ള നടപടിക്രമം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ ഉത്തരവുകൾ പൂർണ്ണമായും മലയാളത്തിലാക്കുന്നതിന് സാധിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

ഭാഷാന്യൂനപക്ഷങ്ങളെ മലയാള ഭാഷാപരിജ്ഞാനം നിർബന്ധമാക്കുന്നതിൽ ഇളവ് അനുവദിക്കുന്നതിന്

3524 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജോലിക്ക് അപേക്ഷിക്കുന്നതിന് മലയാള ഭാഷാപരിജ്ഞാനം നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് താമസിച്ചുവരുന്ന ഭാഷാന്യൂനപക്ഷങ്ങളെ മലയാളം അറിയണം എന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) തമിഴ്, കന്നഡ എന്നിവ പ്രാദേശിക ഭാഷ ആയി എസ്. എസ്. എൽ. സി. പാസാകുന്നവരെ പ്രസ്തുത നിബന്ധനയിൽ നിന്നും ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

ഭരണഭാഷ മലയാളമാക്കി ഇറക്കിയ ഉത്തരവ്

3525 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭരണഭാഷ മലയാളമാക്കി ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ എന്നും, എങ്കിൽ എപ്പോഴാണ് ഉത്തരവ് ഇറങ്ങിയതെന്നും ഇതനുസരിച്ച് എന്തൊക്കെ കാര്യങ്ങൾ ചെയ്തിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(ബി) നിലവിൽ പല വകുപ്പുകളുടെയും ഉത്തരവുകൾ ഇംഗ്ലീഷിലാണ് പുറത്തിറങ്ങുന്നത് എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന ഭരണ സിരാകേന്ദ്രത്തിന്റെ ഓരോ കെട്ടിടങ്ങളുടെയും പേര് എന്തൊക്കെയാണെന്നും ഇത് ഏത് ഭാഷയിലാണ് എഴുതി വച്ചിട്ടുളളതെന്നും വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>സർക്കാർ വാഹനങ്ങൾ ഉപയോഗിക്കുന്നതിനുള്ള നിബന്ധനകളും മാനദണ്ഡങ്ങളും</u>

3526 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്ത് ഏതു തലം വരെയുള്ള ഉദ്യോഗസ്ഥർക്കും ഓഫീസുകൾക്കുമാണ് വാഹനങ്ങൾ അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ വാഹനങ്ങൾ ഉപയോഗിക്കുന്നതിനുള്ള നിബന്ധനകളും, മാനദണ്ഡങ്ങളും വിശദമാക്കുമോ; ഇത് പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനമെന്താണെന്നും, അതു കാര്യക്ഷമമാണോ എന്നും വിശദമാക്കാമോ;

(സി) ഒന്നിലേറെ വാഹനങ്ങൾ ഒരേ സമയം ഉപയോഗിക്കാൻ എത്ര ഉദ്യോഗസ്ഥർക്ക് അനുമതി നൽകിയിട്ടുണ്ട്; സ്വകാര്യ ആവശ്യങ്ങൾക്കും, പൊതു അവധി ദിവസങ്ങളിൽ ഔദ്യോഗിക ആവശ്യത്തിനല്ലാതെ സർക്കാർ വാഹനം ഉപയോഗിക്കാൻ ഏതൊക്കെ ഉദ്യോഗസ്ഥർക്ക് അനുമതി നല്കിയിട്ടുണ്ട്;

(ഡി) സ്വകാര്യ ഉപയോഗത്തിന് അനുമതിയുള്ള ഉദ്യോഗസ്ഥർ 2013 വർഷത്തിൽ വാടക ഇനത്തിൽ എന്തു തുക അടച്ചിട്ടുണ്ട് എന്നതിന്റെ വിശദവിവരം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>സർക്കാർ വകുപ്പുകളിലെ വാഹനങ്ങളുടെ കണക്ക്</u>

3527 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിലായി നിലവിൽ എത്ര വാഹനങ്ങളുണ്ടെന്ന് വകുപ്പ്, ഇനം, പാസ്സഞ്ചർ കപ്പാസിറ്റി എന്നിവ തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ബി) ഇതിനു പുറമെ ഏതൊക്കെ വകുപ്പിൽ വാഹനങ്ങൾ വാടകയ്ക്കെടുക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; 2013-ൽ പ്രസ്തുത ഇനത്തിൽ ഓരോ വകുപ്പും വാടകയ്ക്കെടുത്ത വാഹനങ്ങളുടെ എണ്ണം, ഇനം, നൽകിയ വാടക, വാടക കുടിശ്ശിക നൽകാനുണ്ടെങ്കിൽ അതുൾപ്പെടെയുള്ള വിവരം നൽകാമോ;

(സി) ഓരോ വകുപ്പും അതിന്റെ കീഴിലെ വാഹനങ്ങൾക്ക് വേണ്ടി 2013-ൽ ഉപയോഗിച്ച ഇന്ധനത്തിന്റെ അളവ്, അതിനു നൽകിയ തുക, ഇനി നൽകാനുള്ള തുക, റിപ്പയർ ചാർജ്ജ് നൽകിയത്, ഇനി നൽകാനുള്ളത്, ഡെയിലി വേജ് ഡ്രൈവറെ നിയോഗിച്ചിട്ടുണ്ടെങ്കിൽ ശമ്പള ചെലവ് എന്നിവ സഹിതം വിശദമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റിൽ ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം</u>

3528 ശ്രീ. വി. ഡി. സതീശൻ
,, അൻവർ സാദത്ത്
,, പാലോട് രവി
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) നിലവിലുള്ള ഫയലിംഗ് സംവിധാനത്തിൽ നിന്ന് എന്തെല്ലാം മാറ്റങ്ങളാണ് ഇത് മുഖാന്തിരം ഉണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത സംവിധാനവുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>ഐഡിയാസ് ഫയലിംഗ് സംവിധാനം കാര്യക്ഷമമാക്കാൻ നടപടി</u>

3529 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയേറ്റ് ഉൾപ്പെടെയുള്ള സർക്കാർ ഓഫീസുകൾ കമ്പ്യൂട്ടർവത്കരിച്ച് 'ഐഡിയാസ്' സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടും ഭൂരിഭാഗം വകുപ്പുകളിലെയും ഫയൽ നീക്കങ്ങൾ കാര്യക്ഷമമാകാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഫയൽ നീക്കങ്ങൾ യഥാസമയത്തും കൃത്യമായും കമ്പ്യൂട്ടറിൽ ചേർക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കൃത്യവിലോപം കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>സർക്കാർ ഉത്തരവുകൾ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നത്</u>

3530 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉത്തരവുകൾ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നത് സംബന്ധിച്ച ഉത്തരവ് നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയിരിക്കുന്ന വകുപ്പുകൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത തീരുമാനം കൈക്കൊണ്ടതിന് ശേഷം നാളിതുവരെ ഓരോ വകുപ്പിലും പുറപ്പെടുവിച്ച ഉത്തരവുകൾ വെബ്സൈറ്റിൽ കൊടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കുമോ;

(സി) വിമർശനം ഉയർന്നുവരാനിടയാകുന്ന ഉത്തരവുകൾ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതില്ല എന്ന് വകുപ്പുകൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവുകൾ വെബ്സൈറ്റിൽ ഇടാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) എല്ലാ ഉത്തരവുകളും പുറപ്പെടുവിച്ചാൽ അന്നുതന്നെ വെബ്സൈറ്റിൽ ഇടുന്നതിന് നടപടി സ്വീകരിക്കുമോ; ഏതെങ്കിലും ഉത്തരവ് സൈറ്റിലിടാത്തതിന്റെ പേരിൽ നാളിതുവരെ ആർക്കെങ്കിലും എതിരെ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരണം</u>

3531 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സിവിൽ സർവ്വീസ് മേഖലയിൽ എന്തെങ്കിലും പരിഷ്ക്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരണം സർക്കാർ പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന്റെ ഘടന എന്തൊക്കെയാണ്; പരിഷ്ക്കരണത്തിനുള്ള നടപടി ക്രമങ്ങൾ എന്തൊക്കെ പൂർത്തിയാക്കി എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>കേരള സ്റ്റേറ്റ് സർവ്വീസ് രൂപീകരണം</u>

3532 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സർവ്വീസ് രൂപീകരണം സർക്കാരിന്റെ അജണ്ടയിലുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നിയോഗിച്ച സമിതി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പും വിശദാംശങ്ങളും ലഭ്യമാക്കാമോ;

(സി) പ്രസ്തുത സർവ്വീസിന്റെ ഘടന, രൂപീകരണം, നിയമനം, സ്പെഷ്യൽ റൂൾസ് എന്നിവ സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദീകരണം ലഭ്യമാക്കാമോ;

(ഡി) എന്നുമുതൽ പ്രസ്തുത സർവ്വീസ് നിലവിൽ കൊണ്ടുവരുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത് സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**30.01.2014-ലെ മറുപടിക്ക്**

<u>കാസറഗോഡ് ജില്ലയിൽ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്</u>

3533 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

കാസറഗോഡ് ജില്ലയിലെ പിന്നോക്ക വിഭാഗങ്ങൾക്ക് സിവിൽ സർവ്വീസ് അടക്കമുള്ള പരീക്ഷകളിൽ പരിശീലനം നൽകുന്നതിന് ഒരു പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>സ്വാതന്ത്ര്യ സമര നേതാവ് ശ്രീ. കെ. കേളപ്പന് ജന്മനാട്ടിൽ സ്മാരകം</u>

3534 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യ സമര പോരാളികളിൽ കേരളത്തിലെ മുൻനിര നായകനായിരുന്ന കേരള ഗാന്ധി കെ. കേളപ്പന് നാളിതുവരെയായിട്ടും അദ്ദേഹത്തിന്റെ ജന്മനാട്ടിൽ സ്മാരകം നിർമ്മിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കെ. കേളപ്പന്റെ കുടുംബാംഗങ്ങൾ അദ്ദേഹത്തിന്റെ തറവാട്ടിൽ സ്മാരകം നിർമ്മിക്കുന്നതിന് സ്ഥലം വിട്ടുതരാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുളള സാഹചര്യത്തിൽ ഈ വിഷയത്തിൽ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ആവശ്യം കാണിച്ച് മുഖ്യമന്ത്രിക്ക് നിവേദനം ലഭിച്ചതിൽ എന്ത് നടപടി സ്വീകരിച്ചു എന്നത് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>വിവാഹമോചനം ആവശ്യപ്പെട്ട് കുടുംബകോടതികളിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം</u>

T.3535 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവാഹമോചനം ആവശ്യപ്പെട്ട് 2011,12,13 വർഷത്തിൽ കുടുംബകോടതികളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) വിവാഹമോചന കേസുകളിൽ തീർപ്പുകൽപ്പിച്ചവ എത്രയെന്നും തീർപ്പുകൽപ്പിക്കാത്തവ എത്രയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>മോട്ടോർ ആക്സിഡന്റ് കേസുകളുടെ സത്വര തീർപ്പാക്കൽ</u>

3536 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണലുകളിൽ കേസ്സുകൾ യഥാസമയം തീർപ്പാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരം കേസ്സുകൾ അനന്തമായി നീളുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) കേസ്സുകളിൽ തീർപ്പു ലഭിക്കാതെ ദുരിതം അനുഭവിക്കുന്ന കുടുംബങ്ങൾക്ക് ആശ്വാസം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

അടൂരിൽ സബ് കോടതി

T.3537 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂരിൽ സബ് കോടതി അനുവദിക്കുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) നിലവിൽ ആയത് അനുവദിക്കുന്നതിനുള്ള കാലതാമസത്തിന് ആധാരമായ വിഷയങ്ങൾ വ്യക്തമാക്കുമോ;

(സി) അടൂരിൽ സബ് കോടതി എന്നത്തേയ്ക്ക് അനുവദിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 30.01.2014–ലെ മറുപടിക്ക്

<u>കോഴിക്കോട് ഹൈക്കോടതി ബഞ്ച്</u>

3538 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഹൈക്കോടതി ബെഞ്ച് കോഴിക്കോട് സ്ഥാപിക്കുന്നത് സംബന്ധിച്ച ആവശ്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>ഇന്നവേഷന്‍ കൗണ്‍സില്‍</u>

3539 ശ്രീ. ബെന്നി ബെഹനാന്‍
,, അന്‍വര്‍ സാദത്ത്
,, വി. ഡി. സതീശന്‍
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഇന്നവേഷന്‍ കൗണ്‍സില്‍ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കൗണ്‍സിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(സി) ഏതു തരത്തിലുളള ആള്‍ക്കാരെയാണ് കൗണ്‍സിലില്‍ ഉള്‍പ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) വിവിധ രംഗങ്ങളില്‍ വ്യക്തിമുദ്ര പതിപ്പിച്ച വിദഗ്ദ്ധരെ ഇതില്‍ ഉള്‍പ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ഇ) കൗണ്‍സിലിന്റെ രൂപീകരണത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>ഇന്നൊവേഷൻ കൗൺസിൽ</u>

3540 ശ്രീ. കെ. എം. ഷാജി
,, എം. ഉമ്മർ
,, വി. എം. ഉമ്മർ മാസ്റ്റർ
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂപീകരിക്കുന്ന ഇന്നൊവേഷൻ കൗൺസിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) ഇതിന്റെ ഘടന എങ്ങിനെയായിരിക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വിഷയത്തിൽ വിദഗ്ദ്ധരുടെ ഭാഗത്തു നിന്നും നിർദ്ദേശങ്ങൾ ലഭിച്ചിരുന്നോ ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>പി. എസ്. സി. മാന്വൽ പരിഷ്കരണം</u>

3541 ശ്രീ. ലൂഡി ലൂയിസ്
,, വി. റ്റി. ബൽറാം
,, വി. ഡി. സതീശൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. മാന്വൽ പരിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം പരിഷ്കാരങ്ങളാണ് മാന്വലിൽ വരുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>പി.എസ്.സി. എഴുത്തുപരീക്ഷകൾക്ക് ക്വസ്റ്റ്യൻ ബാങ്ക്</u>

3542

ശ്രീ. വർക്കല കഹാർ
,, ഐ. സി. ബാലകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നടത്തുന്ന എഴുത്ത് പരീക്ഷകൾക്ക് ക്വസ്റ്റ്യൻ ബാങ്ക് തയ്യാറാക്കുവാൻ സർക്കാരിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഉദ്യോഗാർത്ഥികളെ കുഴപ്പിക്കുന്ന ചോദ്യങ്ങൾ ക്വസ്റ്റ്യൻ ബാങ്കിൽ ഉൾപ്പെടുത്താതിരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>സാങ്കേതിക പിഴവിന്റെ പേരിൽ പി.എസ്.സി പരീക്ഷ എഴുതുന്നതിനുള്ള അവസരം നഷ്ടപ്പെടുന്നത്</u>

3543 ശ്രീ. റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക പിഴവിന്റെ പേരിൽ പല ഉദ്യോഗാർത്ഥികൾക്കും പരീക്ഷ എഴുതാനുള്ള അവസരം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പല ഉദ്യോഗാർത്ഥികൾക്കും ഇനിയൊരു അവസരം ലഭിക്കില്ലെന്നിരിക്കെ ഒറ്റത്തവണ രജിസ്ട്രേഷനിലെ പിഴവുകൾ തിരുത്തുന്നതിന് പി.എസ്.സി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

**പി. എസ്. സി. മെരിറ്റ് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തത് കാരണം ഉണ്ടാകുന്ന സംവരണ നഷ്ടം**

3544 ശ്രീ. പി. റ്റി. എ. റഹീം.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മിഷന്റെ ചട്ടങ്ങളിൽ മെയിൻലിസ്റ്റ് എന്ന ഒരു പരാമർശമുണ്ടോ;

(ബി) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തതുപോലെ മെരിറ്റ് ലിസ്റ്റ് പ്രസിദ്ധികരിക്കാറുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാരയണം വ്യക്തമാക്കുമോ;

(സി) മെയിൻ ലിസ്റ്റും മെരിറ്റ് ലിസ്റ്റും തമ്മിലുള്ള വ്യത്യാസം എന്താണെന്ന് വിശദമാക്കുമോ;

(ഡി) മെരിറ്റ് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തത് കാരണം പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സംവരണ നഷ്ടം വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

## കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>എച്ച്. എസ്. എസ്. റ്റി. ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ശ്രീ. സി. എച്ച്. സന്തോഷിന്റെ യോഗ്യത സർട്ടിഫിക്കറ്റ്</u>

3545 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയ്ക്ക് യോഗ്യതയായുള്ള ഡി. സി. എ. കോഴ്സിന്റെ രേഖ ഹാജരാക്കുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പി. എസ്. സി. ക്ക് നൽകിയ നിർദ്ദേശം എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) യോഗ്യത സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് സംബന്ധിച്ച് സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് ഉദ്യോഗാർത്ഥികൾക്ക് നൽകിയ ആനുകൂല്യം എച്ച്. എസ്. എസ്. റ്റി തസ്തികയിൽ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടതും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ആർ 3/17911 നമ്പർ ഫയൽ പ്രകാരം പരിശോധിച്ചിട്ടുള്ളതുമായ ശ്രീ. സി. എച്ച്. സന്തോഷ് എന്നയാളുടെ കാര്യത്തിലും ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>പി. എസ്. സി വഴി നിയമനത്തിന് അഡ്വൈസ് ലഭിച്ചവർ</u>

3546 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013 സാമ്പത്തിക വർഷത്തിൽ എത്ര ഉദ്യോഗാർത്ഥികൾക്ക് പി. എസ്. സി വഴി നിയമനത്തിന് അഡ്വൈസ് നൽകി എന്നത് സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഇവരിൽ എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>പി.എസ്.സി റാങ്ക് ലിസ്റ്റുകളിൽ നിന്നും നടത്തിയ നിയമനങ്ങൾ</u>

3547 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നടത്തിയ നിമയനം സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) പി.എസ്.സി. മുഖേനയല്ലാതെ രണ്ടര വർഷക്കാലം നടത്തിയ നിയമനങ്ങൾ എത്രയെന്നു വ്യക്തമാക്കുമോ ; വിശദമായ കണക്ക് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിൽ എൽ.ഡി. ടൈപ്പിസ്റ്റ് നിയമനം</u>

3548 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം വകുപ്പുകൾ തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ ഒഴിവുകൾ മുഴുവനും പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

ലാസ്റ്റ് ഗ്രേഡ് നിയമനം

3549 ശ്രീ. റ്റി. വി.രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും നിലവിൽ വന്ന ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് റാങ്ക് ലിസ്റ്റിൽ നിന്നും ഇപ്പോൾ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ബി) ഒഴിവുകൾ നികത്തി ഉദ്യോഗാർത്ഥികളുടെ ആശങ്ക ദുരീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

കോട്ടയം ജില്ലയിലെ എൽ.ഡി. ടൈപ്പിസ്റ്റ് നിയമനം

3550 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ നിലവിൽ വന്ന എൽ.ഡി.ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഈ തസ്കികയിൽ എത്ര വേക്കൻസി നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) 2014 -15 സാമ്പത്തിക വർഷം ഈ തസ്തികയിൽ എത്ര വേക്കൻസി ഉണ്ടാകും എന്ന് അറിയിക്കുമോ;

(ഡി) ഇപ്പോൾ നിലവിലുള്ള വേക്കൻസികൾ എത്രയും വേഗം പി. എസ്. സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) കോട്ടയം ജില്ലയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ 53 ാം റാങ്കുകാരിയായ ശ്രീമതി സുനിതാ മോൾ എൻ. എസ്സിന്റെ നിയമനം സംബന്ധിച്ച് പി. എസ്. സി എന്തു തീരുമാനമെടുത്തു എന്നു വ്യക്തമാക്കാമോ? ശ്രീമതി സുനിതാ മോൾ എൻ. എസ്സിന്റെ സർട്ടിഫിക്കറ്റ് പരിശോധന സംബന്ധിച്ച് പി. എസ്. സി സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

ഇടുക്കി ജില്ലയിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II റാങ്ക് ലിസ്റ്റ്

3551 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II ഇടുക്കി ജില്ലയിലെ പി. എസ്. സി റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്;

(ബി) ഈ ലിസ്റ്റിൽ നിന്നും എത്ര പേർക്ക് അഡ്വൈസ് അയച്ചു എന്നും, അതിൽ എത്ര പേർക്ക് നിയമനം നൽകി എന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത തസ്തികയിൽ ഇടുക്കി ജില്ലയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തസ്തികയിൽ വിവിധ സ്ഥാപനങ്ങളിലായി ദിവസവേതന, കരാർ അടിസ്ഥാനത്തിലായി എത്ര പേർ ജോലി ചെയ്തു വരുന്നു എന്നുള്ള വിശദാംശം ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

കൊല്ലം ജില്ലയിലെ എൽ.ഡി.സി. നിയമനം

3552 ശ്രീ. പി.കെ.ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വിവിധ വകുപ്പുകളിൽ എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേർക്ക് നിയമനം നൽകി;

(ബി) വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഒഴിവുകൾ യഥാ സമയം റിപ്പോർട്ട് ചെയ്യുന്നില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നവസാനിക്കുമെന്നറിയിക്കുമോ;

(ഡി) പ്രസ്തുത ലിസ്റ്റിൽ നിന്നും എത്രപേർക്ക് നിയമനം നൽകാൻ കഴിയുമെന്ന് കണക്കാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് നിയമനം</u>

3553 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്;

(ബി) ഇതുവരെ എത്ര ഒഴിവുകൾ റിപ്പോർട്ടു ചെയ്തുവെന്നും എത്ര നിയമനങ്ങൾ നടത്തിയെന്നും വ്യക്തമാക്കാമോ;

(സി) മറ്റു ജില്ലകളെ അപേക്ഷിച്ച് മലപ്പുറത്ത് നിയമനങ്ങൾ ആനുപാതികമായി നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഇതേ കാലയളവിൽ നിലവിൽ വന്ന മറ്റു പതിമൂന്ന് ജില്ലകളിലേയും റാങ്ക് ലിസ്റ്റിലെ ഇതേവരെയുള്ള നിയമനവിവരങ്ങൾ അറിയിക്കുമോ;

(ഇ) മലപ്പുറം ജില്ലയിൽ നിലവിൽ ഏതെല്ലാം വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡിന്റെ എത്ര വീതം ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അവയിലേക്കുള്ള നിയമന നടപടികൾ എന്തായിയെന്നും വിശദീകരിക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിൽ ഹൈസ്കൂൾ അസിസ്റ്റന്റ് നിയമനം</u>

3554 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ഹൈസ്കൂൾ അസിസ്റ്റന്റ് (മലയാളം) തസ്തികയിലെ നിലവിലെ റാങ്ക് ലിസ്റ്റ് എന്നുമുതലാണ് പ്രാബല്യത്തിൽ വന്നത്;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(സി) പ്രസ്തുത തസ്തികയിൽ ജില്ലയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; സ്കൂൾ തിരിച്ച് വിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

നാഷണല്‍ സേവിംഗ്സ് വകുപ്പ് അസിസ്റ്റന്റ് ഡയറക്ടര്‍ പരീക്ഷാഫലം

3555 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2011 നവംബറില്‍ പി. എസ്. സി. നടത്തിയ സംസ്ഥാന നാഷണല്‍ സേവിംഗ്സ് ഡിപ്പാര്‍ട്ട്മെന്റില്‍ അസിസ്റ്റന്റ് ഡയറക്ടര്‍ തസ്തികയിലേക്കുള്ള എഴുത്തുപരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കാതിരിക്കുന്നതിന്റെ കാരണം എന്താണെന്നു വിശദമാക്കുമോ;

(ബി) ആയത് എന്ന് പ്രസിദ്ധീകരിക്കാനാകും എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>വോട്ടർ പട്ടിക പുതുക്കാൻ ഓൺലൈൻ സംവിധാനം</u>

3556 ശ്രീ. പാലോട് രവി
'' സി. പി. മുഹമ്മദ്
'' ജോസഫ് വാഴക്കൻ
'' ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വോട്ടർ പട്ടിക പുതുക്കൽ പൂർണ്ണമായും ഓൺലൈനിലേക്ക് മാറ്റാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) വോട്ടർ പട്ടികയിൽ പുതുതായി പേര് ചേർക്കാൻ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) പ്രസ്തുത സംവിധാനത്തിന് വേണ്ടത്ര പ്രചാരം നൽകുവാൻ എന്തെല്ലാം നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം</u>

3557 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എം.എൽ.എ മാരുടെ ആമുഖ കത്തോടുകൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര അപേക്ഷകളിന്മേൽ ധനസഹായം നൽകി തീർപ്പുകല്പിച്ചുവെന്നു വ്യക്തമാക്കുമോ; ഇത്തരത്തിൽ എന്തു തുകയുടെ ധനസഹായം വിതരണം ചെയ്തുവെന്നും വ്യക്തമാക്കാമോ;

(ബി) ജനസമ്പർക്ക പരിപാടി വഴി ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങളുടെ വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>ദുരിതാശ്വാസ നിധിയിൽ നിന്നും ഒരു ലക്ഷത്തിലധികം രൂപ ധനസഹായമായി ലഭിച്ചവർ</u>

3558

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ദുരിതാശ്വാസ നിധിയിൽ നിന്നും 2011 മെയ് മാസം മുതൽ നാളിതുവരെയായി ഒരു ലക്ഷം രൂപയിൽ അധികമായ തുക ലഭ്യമായ ഓരോരുത്തരുടെയും പേരും വിലാസവും പ്രസ്തുത തുക നൽകാനിടയായ സാഹചര്യവും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുമുള്ള ധനസഹായം</u>

3559 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായത്തിനുവേണ്ടി നൽകിയ അപേക്ഷകളിൽ ഏതെല്ലാം അപേക്ഷകളാണ് കണ്ണൂർ ജില്ലാ കളക്ടറുടെ റിപ്പോർട്ടിനുവേണ്ടി അയച്ചിട്ടുള്ളതെന്ന് നിയോജകമണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകൾ ജില്ലാ കളക്ടർക്ക് ലഭിച്ച തീയതിയും കളക്ടറുടെ റിപ്പോർട്ട് സഹിതം സർക്കാരിലേയ്ക്ക് അയച്ച തീയതിയും അറിയിക്കുമോ;

(സി) കളക്ടറുടെ റിപ്പോർട്ട് സഹിതം സർക്കാരിലേയ്ക്ക് അയയ്ക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ വിശദവിവരങ്ങൾ അയയ്ക്കാതിരിക്കുന്നതിനുള്ള കാരണം സഹിതം വ്യക്തമാക്കുമോ;

(ഡി) റിപ്പോർട്ട് അയച്ച ഏതെല്ലാം അപേക്ഷകർക്ക് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

ദുരിതാശ്വാസ നിധിയിൽ നിന്നും സന്നദ്ധ സംഘടനകൾക്ക് ധനസഹായം

3560 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 2011 മെയ് മാസം മുതൽ നാളിതുവരെയായി ഏതെല്ലാം സന്നദ്ധസംഘടനകൾക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്;

(ബി) എന്തു തുക വീതം ഓരോ സംഘടനയ്ക്കും നൽകിയിട്ടുണ്ടെന്നും തുക നൽകാനിടയായ സാഹചര്യവും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>ദുരിതാശ്വാസ നിധിയിലേയ്ക്ക് വണ്ടിച്ചെക്ക് നൽകിയവർ</u>

3561 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 25 ലക്ഷം രൂപയുടെ ചെക്ക് നൽകി കബളിപ്പിച്ച ടീം സോളാർ കമ്പനിക്കെതിരെ എന്തെങ്കിലും നിയമനടപടി സ്വീകരിച്ചുവോ; എങ്കിൽ എന്തു നടപടി എന്നു വ്യക്തമാക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത കമ്പനിക്കെതിരെ വഞ്ചനാക്കുറ്റത്തിന് കേസെടുക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മറ്റാരെങ്കിലും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് വണ്ടിച്ചെക്ക് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ അവർ ആരെല്ലാമെന്ന് ചെക്ക് നമ്പർ, അക്കൗണ്ടിന്റെ വിശദാംശം, എന്തു തുക എന്നത് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>എൻഡോസൾഫാൻ ദുരിതബാധിതർക്ക് മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച നഷ്ടപരിഹാര തുക</u>

3562 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്ക് മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച നഷ്ടപരിഹാര തുക, പൂർണ്ണമായി കിടപ്പിലായവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, മരിച്ചവരുടെ ആശ്രിതർ, ശാരീരിക വൈകല്യം സംഭവിച്ചവർ എന്നിവർക്ക് എത്ര വീതം നൽകാനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ;

(ബി) ഇതിൽ കാസർഗോഡ് ജില്ലയിൽ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ എത്ര പേർ ഉണ്ടെന്നും ഓരോ വിഭാഗത്തിനും എത്ര തുക വീതം നൽകിയിട്ടുണ്ടെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ;

(സി) ബാക്കി നൽകാനുള്ള തുക എന്ന് നൽകാനാകും എന്ന് അറിയിക്കാമോ?

## കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>പറമ്പിക്കുളം - അളിയാർ കരാർ</u>

3563 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം - അളിയാർ കരാർ പുതുക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ വർഷം കരാർ പ്രകാരം കേരളത്തന് ലഭിക്കേണ്ട ജലം കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

(സി) കാലഹരണപ്പെട്ട പറമ്പിക്കുളം - അളിയാർ കരാർ പുതുക്കുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>നദീസംയോജന പദ്ധതി</u>

T.3564 ശ്രീ. എം. ഉമ്മർ
,, റ്റി. എ. അഹമ്മദ് കബീർ
,, എൻ. ഷംസുദ്ദീൻ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നദീസംയോജന പദ്ധതി സംബന്ധിച്ച് സംസ്ഥാനം സ്വീകരിച്ചിട്ടുള്ള നിലപാടെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനവുമായി ബന്ധപ്പെട്ട ഏതൊക്കെ നദീസംയോജന പദ്ധതികളാണ് പരിഗണിക്കപ്പെട്ടിട്ടുള്ളത്; ഇവയിൽ ഏതൊക്കെ അന്തർസംസ്ഥാന നദികളാണ് ഉൾപ്പെട്ടിട്ടുള്ളത്;

(സി) ഈ പദ്ധതികൾ മുഖേന സംസ്ഥാന താൽപര്യങ്ങൾക്കുണ്ടാകാവുന്ന ഗുണങ്ങളും ദോഷങ്ങളും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ വ്യക്തമാക്കുമോ?